Board Exam
Class X
2023

Series ΨYZXW

Set-4

प्रश्न-पत्र कोड
Q.P. Code **12**

रोल नं.
Roll No.

परीक्षार्थी प्रश्न-पत्र कोड को उत्तर-पुस्तिका के मुख-पृष्ठ पर अवश्य लिखें।
Candidates must write the Q.P. Code on the title page of the answer-book.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

- ചോദ്യപേപ്പറിൽ അച്ചടിച്ച **19** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **19** printed pages.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

*This question paper is divided into **two** sections :*

***Section A :** Reading Comprehension, Vocabulary Building and Prose, Poetry (MCQ)*

*40 marks*

***Section B :** Grammar, Composition, Literature (Prose, Poetry and Non-detailed)*

*40 marks*

## എ വിഭാഗം / SECTION A

**1.** ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ***എട്ടെണ്ണത്തിന്*** മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) *8 ×1=8*

നിത്യജീവിതത്തിൽ നാം പണം കൈകാര്യം ചെയ്യാത്ത ദിവസമില്ല. എത്ര രൂപയാണ് ഓരോദിവസവും നമ്മുടെ കൈകളിലൂടെ കടന്നുപോകുന്നത് ? രൂപയെക്കുറിച്ചും അതു രൂപപ്പെട്ട വഴിയെക്കുറിച്ചും നമുക്ക് മനസ്സിലാക്കാം. ഇന്ത്യയിൽ എന്നാണ് പണം ആദ്യമായി ഉപയോഗിച്ചതെന്നതിന് കൃത്യമായ വിവരമില്ല. മൗര്യസാമ്രാജ്യത്തിലെ ആദ്യ ചക്രവർത്തി ചന്ദ്രഗുപ്തമൗര്യന്റെ ഭരണകാലത്താണ് (ബി.സി. 324 – 297) ആദ്യമായി നാണയങ്ങൾ ഉപയോഗിച്ചതെന്നാണ് അനുമാനം. അദ്ദേഹത്തിന്റെ മന്ത്രിയായിരുന്ന ചാണക്യന്റെ അർത്ഥശാസ്ത്രത്തിൽ വിവിധതരം നാണയങ്ങൾ ഉണ്ടാക്കിയിരുന്നതായി പരാമർശമുണ്ട്. അവ സ്വർണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയവ കൊണ്ടായിരുന്നു. 'സിർക്' നാണയങ്ങൾ എന്നറിയപ്പെട്ടത് ഇവയായിരിക്കാം എന്ന് അനുമാനിക്കുന്നു. കുശാന രാജവംശത്തിന്റെ കാലത്താണ് നാണയങ്ങളിൽ രൂപ മുദ്രണം ചെയ്യാൻ തുടങ്ങിയത്. എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ഡൽഹി സുൽത്താൻമാർ 'ടാങ്ക' എന്ന നാണയം പുറത്തിറക്കിയത്. മുഹമ്മദ് ബിൻ-തുഗ്ലക്കിന്റെ കാലത്തായിരുന്നു അത്. പ്രാതിനിധ്യസ്വഭാവമുള്ള

പേപ്പർ കറൻസിയുടെ ആദിരൂപമായി അതിനെ കണക്കാക്കാം. ഷേർഷാ സൂരി അധികാരത്തിൽ വന്നപ്പോൾ (1540 – 1545) സ്വർണ്ണം-വെള്ളി മിശ്രിതങ്ങൾ ചേർത്ത് 178 ഗ്രാം തൂക്കമുള്ള നാണയങ്ങൾ നിർമ്മിച്ചു. റുപ്പിയ എന്നാണ് അത് അറിയപ്പെട്ടത്. ഈ സമ്പ്രദായം പിന്നീട് പലരാജ്യങ്ങളും ഏറ്റെടുത്തിരുന്നു. മുഗൾഭരണകാലത്തും മറാത്താഭരണകാലത്തും പിന്നീട് ബ്രിട്ടീഷ് ഇന്ത്യയിലും ഈ രീതി നിലനിന്നു. ബ്രിട്ടീഷുകാർ റുപ്പിയയുടെ സ്ഥാനത്ത് പൗണ്ട് സ്റ്റർലിങ് പ്രതിഷ്ഠിക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. 1857-ലെ ശിപായി ലഹളയ്ക്കു ശേഷം രൂപ ഇന്ത്യയുടെ ഔദ്യോഗിക കറൻസിയായി ബ്രിട്ടീഷുകാർ അംഗീകരിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യകറൻസി പുറത്തിറങ്ങിയത് 1950 ആഗസ്റ്റ് 15 നാണ്. 1935 ഏപ്രിൽ ഒന്നിനാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നത്. 1934-ലെ ആർ. ബി. ഐ. ആക്ടിലെ 22-ാം വകുപ്പ് അനുസരിച്ച് രൂപയുടെ പൂർണ്ണഉത്തരവാദിത്വം ആർ. ബി. ഐ. ൽ നിക്ഷിപ്തമാക്കി. 1938-ൽ ജോർജ് ആറാമന്റെ രൂപം ആലേഖനം ചെയ്ത അഞ്ചു രൂപാ നോട്ട്, തുടർന്ന് 10, 100, 1000, 10,000 രൂപാ നോട്ടുകളും അന്ന് അടിച്ചിറക്കി. ഇന്ത്യൻ കോയിനേജ് ആക്ട് നിലവിൽ വന്നത് 1967 ഏപ്രിൽ ഒന്നിനാണ്. അതോടെ ഒരു രൂപ എന്നാൽ 100 പൈസ എന്നായി. കാഴ്ചവൈകല്യമുള്ളവർക്കു കൂടി നാണയങ്ങളുടെ ആകൃതി സ്പർശിച്ച് മനസ്സിലാക്കാവുന്ന തരത്തിലുള്ളതായിരുന്നു അവയുടെ രൂപകൽപ്പന. ഒരു നയാപൈസ വട്ടത്തിൽ അരികുകൾ കൊത്തിമിനുക്കിയ രണ്ടു പൈസ, ചതുരത്തിലുള്ള അഞ്ചു പൈസ, രണ്ടു പൈസയുടെ മാതൃകയിലുള്ള അൽപ്പം വലിപ്പം കൂടിയ പത്തു പൈസ, തുടങ്ങിയവയായിരുന്നു നാണയങ്ങൾ. 2016 നവംബർ എട്ടിനാണ് 500, 1000 രൂപയുടെ നോട്ടുകൾ സർക്കാർ പിൻവലിച്ചത്.

മാർക്കററിലുണ്ടായിരുന്ന പണത്തിന്റെ 86·4 ശതമാനവും പിൻവലിക്കപ്പെട്ടു. പകരം 2000 രൂപാ നോട്ടുകളും അടിച്ചിറക്കി. രൂപയ്ക്ക് ചിഹ്നം ഉണ്ടായത് 2010 ജൂലായ് 15 നാണ്. അങ്ങനെ അംഗീകരിക്കപ്പെട്ട ഔദ്യോഗിക കറൻസി ചിഹ്നമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും സ്ഥാനം നേടി. രൂപയുടെ ചിഹ്നം രൂപകൽപ്പന ചെയ്തത് തമിഴ്നാട് സ്വദേശി ഡി. ഉദയകുമാറാണ്.

**ചോദ്യങ്ങൾ :**

(i) ഏതുവർഷമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നത് ?

(a) 1935 (b) 1938

(c) 1950 (d) 1957

(ii) ചാണക്യൻ ആരുടെ മന്ത്രിയായിരുന്നു ?

(a) മുഹമ്മദ് ബിൻ-തുഗ്ലക്കിന്റെ

(b) കുശാന രാജവംശത്തിന്റെ

(c) ബ്രിട്ടീഷ് ഇന്ത്യയുടെ

(d) ചന്ദ്രഗുപ്തമൗര്യന്റെ

(iii) എ.ഡി. പന്ത്രണ്ടാം നൂററാണ്ടിൽ ഡൽഹി സുൽത്താന്മാർ പുറത്തിറക്കിയ നാണയമേത് ?

(a) റുപ്പിയ (b) ടാങ്ക

(c) സിർക് (d) രൂപ

(iv) 'വിദേശി' – ഇതിന്റെ വിപരീതപദമായി ഖണ്ഡികയിൽ വന്നിരിക്കുന്ന പദം ഏത് ?

(a) ദേശി (b) സ്വദേശി

(c) ആദേശി (d) ഉപദേശി

(v) ബ്രിട്ടീഷുകാർ ഇന്ത്യൻ റുപ്പിയയുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ ശ്രമിച്ചതെന്ത് ?

(a) ടാങ്ക (b) സിർക്

(c) പൗണ്ട് സ്റ്റർലിങ് (d) ഡോളർ

(vi) സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ കറൻസി പുറത്തിറക്കിയത് എന്നാണ് ?

(a) 1950 ആഗസ്റ്റ് 15

(b) 1957 ജൂലായ് 15

(c) 1947 ആഗസ്റ്റ് 15

(d) 2010 ജൂലായ് 15

(vii) രൂപയുടെ ചിഹ്നം രൂപകൽപ്പന ചെയ്തത് ഏതു സംസ്ഥാനക്കാരനാണ് ?

(a) കേരളം

(b) കർണാടകം

(c) തമിഴ്നാട്

(d) ആന്ധ്രപ്രദേശ്

(viii) രൂപ ഇന്ത്യയുടെ ഓദ്യോഗിക കറൻസിയായി ബ്രിട്ടീഷുകാർ അംഗീകരിച്ചത് എപ്പോൾ ?

(a) 1967-ൽ ഇന്ത്യൻ കോയിനേജ് ആക്ട് നിലവിൽ വന്നതിന് ശേഷം

(b) 1857-ലെ ശിപായി ലഹളയ്ക്ക് ശേഷം

(c) 2016-ൽ നോട്ട് നിരോധനം വന്നതിന് ശേഷം

(d) ചന്ദ്രഗുപ്തമൗര്യന്റെ ഭരണകാലത്ത്

(ix) സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവ കൊണ്ടുണ്ടാക്കിയ ആദ്യകാല നാണയങ്ങൾ ഏതായിരിക്കാം എന്നാണ് അനുമാനിക്കുന്നത് ?

(a) റുപ്പിയ

(b) ടാങ്ക

(c) സിർക്

(d) രൂപ

(x) 2016 നവംബർ എട്ടിന് സർക്കാർ പിൻവലിച്ച നോട്ടുകൾ ഏതെല്ലാം ?

(a) 500, 1000 രൂപയുടെ നോട്ടുകൾ

(b) 50, 100 രൂപയുടെ നോട്ടുകൾ

(c) 10, 20 രൂപയുടെ നോട്ടുകൾ

(d) 200, 2000 രൂപയുടെ നോട്ടുകൾ

(xi) ആര് അധികാരത്തിൽ വന്നപ്പോഴാണ് സ്വർണ്ണം-വെള്ളി മിശ്രിതങ്ങൾ ചേർത്ത് 178 ഗ്രാം തൂക്കമുള്ള നാണയങ്ങൾ നിർമ്മിച്ചത് ?

(a) ചന്ദ്രഗുപ്തമൗര്യൻ

(b) ഷേർഷാ സൂരി

(c) കുശാനരാജവംശം

(d) മുഹമ്മദ് ബിൻ-തുഗ്ലക്ക്

2. ഏതെങ്കിലും ***എട്ടെണ്ണത്തിന്*** മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക : *8×1=8*

(i) പഴമ – എന്നതിന്റെ വിപരീതപദം എന്ത് ?

(a) തെളിമ (b) തനിമ

(c) പുതുമ (d) ഗരിമ

(ii) 'വില്ലേന്തി' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എന്ത് ?

(a) വില്ലേ + ഏന്തി (b) വില്ല് + ഏന്തി

(c) വില്ല് + എന്തി (d) വില്ല് + ലേന്തി

(iii) ചിരി – എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത് ?

(a) വ്രീള

(b) സ്മേരം

(c) സ്മിതം

(d) ഹാസം

(iv) നീററൽ – എന്ന അർത്ഥം വരാത്ത പദമേത് ?

(a) വേദന

(b) നോവ്

(c) കിനാവ്

(d) നൊമ്പരം

(v) അന്നം – എന്നതിന്റെ നാനാർത്ഥപദങ്ങൾ ഏവ ?

(a) അരയന്നം

(b) ആകാശം

(c) അംബരം

(d) ആഹാരം

(vi) 'ദേവകീപുത്രൻ' എന്ന സമസ്തപദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം എന്ത് ?

(a) ദേവകി എന്ന പുത്രൻ

(b) ദേവകിയുടെ പുത്രൻ

(c) ദേവകിയും പുത്രനും

(d) ദേവകിയിലെ പുത്രൻ

(vii) ധര – ധാര – എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം ഏത് ?

(a) ഭൂമി – ജലപ്രവാഹം

(b) ഓർമ്മ – നക്ഷത്രം

(c) ചിത്രം – നിശ്ചയം

(d) വെള്ളം – അകാശം

(viii) നാശമില്ലാത്ത ലോകം – എന്നതിന്റെ ശരിയായ ഒററപ്പദം ഏത് ?

(a) ക്ഷയലോകം

(b) ക്ഷാമലോകം

(c) അക്ഷയലോകം

(d) ക്ഷേമലോകം

(ix) ചപല – എന്ന പദത്തിന്റെ എതിർലിംഗപദമേത് ?

(a) ചപലൻ (b) ചാപലൻ

(c) ചാപൻ (d) ചാപകൻ

(x) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക :

(a) ചിരഞ്ചീവി

(b) ചിരഞ്ജീവി

(c) ചിരജ്ഞീവി

(d) ചെരഞ്ജീവി

3. ഏതെങ്കിലും ***നാലെണ്ണത്തിന്*** മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക : *4×2=8*

(A) "ഏതായാലും ഈ സ്ഥിതിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലുപൊങ്ങുകയില്ല"

(i) ആരുടെ സ്ഥിതിയെക്കുറിച്ചാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത് ?

(a) ദുര്യോധനന്റെ
(b) ധൃഷ്ടദ്യുമ്നന്റെ
(c) ദ്രൗണിയുടെ
(d) ശ്രീകൃഷ്ണന്റെ

(ii) തലയിൽ ചവിട്ടിയത് ആര് ?

(a) നകുലൻ (b) അർജ്ജുനൻ
(c) ഭീമൻ (d) യുധിഷ്ഠിരൻ

(B) "തിരികൾ തെറുത്തു കൊളുത്താനുററ മുഹൂർത്തം കാത്തുകുഴഞ്ഞു മടങ്ങിയ കരവിരലോടെ"

(i) ഇപ്രകാരം നിൽക്കുന്നതാര് ?

(a) നറുമുക്കുറ്റികൾ
(b) നെയ്യാമ്പലുകൾ
(c) കമുകിൻ നിരകൾ
(d) തുമ്പപ്പൂക്കൾ

(ii) ഇത് ആരുടെ വരികളാണ് ?

(a) കുമാരനാശാന്റെ
(b) എഴുത്തച്ഛന്റെ
(c) റഫീക്ക് അഹമ്മദിന്റെ
(d) വൈലോപ്പിള്ളിയുടെ

(C) "സന്യാസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ, തപസ്സിൽ വാണു ഞാൻ"

(i) ഇവിടെ 'ഭവാൻ' എന്ന് പറഞ്ഞരിക്കുന്നത് ആരെയാണ് ?

(a) നളിനിയെ

(b) ലക്ഷ്മണനെ

(c) ദിവാകരനെ

(d) ശ്രീരാമനെ

(ii) ഈ വരികൾ ഏത് കൃതിയിൽ നിന്നെടുത്തതാണ് ?

(a) നളിനി

(b) ലീല

(c) അമ്മത്തൊട്ടിൽ

(d) അധ്യാത്മരാമായണം കിളിപ്പാട്ട്

(D) "നാളെയാണ് അല്ലേ പാറാവുകാരൻ പറഞ്ഞു"

(i) എന്തിനെക്കുറിച്ചാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത് ?

(a) വെള്ളായിയപ്പന്റെ യാത്ര

(b) കുട്ട്യസ്സൻ മാപ്പിളയുടെ കടംവീട്ടൽ

(c) കണ്ടുണ്ണിയുടെ വധശിക്ഷ

(d) ചാക്കുണ്ണി കൊടുക്കാനുള്ള പലിശ

(ii) "കാർന്നോർക്ക് ചായോ മറ്റോ വേണോ"

ഈ വരിയിൽ നിറയുന്ന ഭാവം എന്ത് ?

(a) ദേഷ്യം

(b) അനുകമ്പ

(c) സങ്കടം

(d) പരിഹാസം

(E) "നാളെ ഞാൻ കടേല് വരില്ല്യ മൂപ്പരേ. കൊറച്ച് ദിവസത്തേക്ക് ഞാനില്ല്യ"

(i) കടയിൽ വരില്ല എന്ന് പറയാൻ കാരണം എന്ത് ?

(a) മകൻ മരിച്ചതുകൊണ്ട്

(b) മലയാറ്റൂർ പോകേണ്ടതുകൊണ്ട്

(c) റേഡിയോ നഷ്ടപ്പെട്ടതുകൊണ്ട്

(d) ആശുപത്രിയിൽ പോകേണ്ടതുകൊണ്ട്

(ii) ആരുടെ കടയെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

(a) ചെമ്പുമത്തായിയുടെ

(b) കുഞ്ഞനത്തിന്റെ

(c) ചാക്കുണ്ണിയുടെ

(d) സുകുവിന്റെ

(F) "എങ്ങോട്ടു പോകുന്നുവെന്ന് ചോദിച്ചില്ല
എന്തിനെന്നും, പക്ഷേ കണ്ണുകൾ, കണ്ണുകൾ
മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണ്ണമായ് "

(i) ഈ വരികളിൽ ആരെയാണ് സൂചിപ്പിക്കുന്നത് ?

(a) പുള്ളുവനെ

(b) അമ്മയെ

(c) നളിനിയെ

(d) ലക്ഷ്മണനെ

(ii) ഈ വരികൾ എഴുതിയത് ആര് ?

(a) കുമാരനാശാൻ

(b) വൈലോപ്പിള്ളി

(c) എഴുത്തച്ഛൻ

(d) റഫീക്ക് അഹമ്മദ്

4. എതെങ്കിലും ***നാലെണ്ണത്തിനു*** മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക : *4×4=16*

(A) "നല്ലതിഥി നമുക്കിനിയാരിതുപോലെ"

(i) അതിഥി ആരാണ് ?

(a) മഹാബലി (b) പുള്ളുവൻ

(c) കവി (d) ഗ്രാമപ്പെൺകൊടി

(ii) ചങ്ങലവിളക്ക് കൊളുത്തി മഹാബലിയെ എതിരേൽക്കാൻ കാത്ത് നിൽക്കുന്നത് അര് ?

(a) രാവ് (b) ഉഷസ്സ്

(c) അരുവികൾ (d) കന്യകമാർ

(iii) 'ഓണമുറ്റത്ത്' എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) കുന്നിമണികൾ

(b) കടൽക്കാക്കകൾ

(c) കുരുവികൾ

(d) വിട

(iv) മഹാബലിയെ വരവേൽക്കാൻ 'ആർപ്പൂവിളിക്കൂ' എന്ന് കവി ആരോടാണ് പറയുന്നത് ?

(a) ഉണ്ണികളോട്

(b) പുള്ളുവനോട്

(c) പരിഷ്ക്കാരികളോട്

(d) തുമ്പപ്പൂക്കളോട്

(B) "മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ"

(i) ആരോടാണ് ഇപ്രകാരം പറയുന്നത് ?

(a) ലക്ഷ്മണനോട്

(b) ശ്രീരാമനോട്

(c) കൈകേയിയോട്

(d) സുമിത്രയോട്

(ii) മാനസതാരിൽ നിരൂപിച്ചത് എന്ത് ?

(a) രാജാവാകണമെന്ന്

(b) ലോകത്തെ ദഹിപ്പിക്കണമെന്ന്

(c) ഭരതനോട് യുദ്ധം ചെയ്യണമെന്ന്

(d) വനവാസത്തിന് പോകുന്നില്ലെന്ന്

(iii) പാട്ടിന്റേയും മണിപ്രവാളത്തിന്റേയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ച കവി ആര് ?

(a) കുമാരനാശാൻ

(b) വള്ളത്തോൾ

(c) തുഞ്ചത്തെഴുത്തച്ഛൻ

(d) ചെറുശ്ശേരി

(iv) 'ലക്ഷ്മണസാന്ത്വനം' എന്ന കാവ്യഭാഗം അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏത് കാണ്ഡത്തിൽനിന്നും എടുത്തിട്ടുള്ളതാണ് ?

(a) ബാലകാണ്ഡം

(b) സുന്ദരകാണ്ഡം

(c) അയോധ്യാകാണ്ഡം

(d) ആരണ്യകാണ്ഡം

(C) "ബ്രഹ്മൻ, അവിടത്തോടു കൂടി ഞാനും മനുഷ്യരിൽ ഇരുന്നുകൊള്ളട്ടെ. ഭഗവാൻ പുരുഷോത്തമൻ സത്യവാക്കായിക്കൊള്ളട്ടെ"

(i) ആരാണ് ഇങ്ങനെ പറയുന്നത് ?

(a) ധൃഷ്ടദ്യുമ്നൻ

(b) ദുര്യോധനൻ

(c) ദ്രൗണി

(d) ലക്ഷ്മണൻ

(ii) ഇത് ഏത് പാഠത്തിലുള്ളതാണ് ?

(a) പണയം

(b) യുദ്ധത്തിന്റെ പരിണാമം

(c) കടൽത്തീരത്ത്

(d) ഓണമുറ്റത്ത്

(iii) ഇത് ഏത് ഇതിഹാസത്തിന്റെ ചുവടുപിടിച്ചെഴുതിയ കൃതിയിൽ നിന്നെടുത്തതാണ് ?

(a) മഹാഭാരതം

(b) ശ്രീകൃഷ്ണചരിതം

(c) രാമായണം

(d) ഭാഗവതം

(iv) "അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ" ഈ ചെകുത്താൻ എന്തിന്റെ പ്രതിനിധിയാണ് ?

(a) സ്നേഹം

(b) കരുണ

(c) നന്മ

(d) പക

(D) "അങ്ങനെ പറേരുത്, കൊറച്ചു നേരം അത് കേട്ടാല് ഞാൻ പൊയ്ക്കോളാം"

(i) ഇവിടെ 'അത്' എന്ന് പറയുന്നതെന്തിനെയാണ് ?

(a) കവിത

(b) റേഡിയോ

(c) വാർത്തകൾ

(d) കഥകൾ

(ii) എവിടെവെച്ചാണ് ഇങ്ങനെ പറഞ്ഞത് ?

(a) കടൽത്തീരത്ത്

(b) ചെമ്പുമത്തായിയുടെ വീട്ടിൽ

(c) തീവണ്ടിയാപ്പീസിൽ

(d) ബസ്സിൽ

(iii) ചാക്കുണ്ണിയുടെ ഉപജീവനമാർഗം എന്തായിരുന്നു ?

(a) തയ്യൽപ്പണി

(b) കൃഷി

(c) പണയമെടുക്കൽ

(d) ബസ് കണ്ടക്ടർ

(iv) ഇ. സന്തോഷ് കുമാർ എഴുതിയ ബാലസാഹിത്യകൃതി ഏത് ?

(a) കാക്കരദേശത്തെ ഉറുമ്പുകൾ

(b) യുവകവിക്കുള്ള കത്തുകൾ

(c) കാറ്റ് പറഞ്ഞ കഥ

(d) ചിദംബരരഹസ്യം

(E) "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്ന് കൂട്ടനിലവിളി ഉയർന്നു"

(i) നിലവിളി ഉയരാൻ കാരണമെന്ത് ?

(a) സന്തോഷമില്ലാത്തതിനാൽ

(b) നാട് വിട്ടു പോകുന്നതിനാൽ

(c) തിരികെ വരാത്ത യാത്രയായതിനാൽ

(d) തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട മകന്റെ അവസ്ഥയോർത്ത്

(ii) എങ്ങോട്ടാണ് അയാൾ യാത്രയാവുന്നത് ?

(a) പാലക്കാട്ടേയ്ക്ക്

(b) കോഴിക്കോട്ടേയ്ക്ക്

(c) കണ്ണൂർക്ക്

(d) തിരുവനന്തപുരത്തേയ്ക്ക്

(iii) വെള്ളായിയപ്പന്റെ ഗ്രാമത്തിന്റെ പേരെന്ത് ?

(a) ആറാട്ടുപുഴ

(b) പാണത്തറ

(c) പാഴുതറ

(d) ആറാട്ടുകുന്ന്

(iv) കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും, മലയാളകഥാസാഹിത്യത്തിന് നവീനമുഖം നൽകുകയും ചെയ്ത എഴുത്തുകാരൻ ആര് ?

(a) സുഭാഷ് ചന്ദ്രൻ

(b) ഒ.വി. വിജയൻ

(c) എം. മുകുന്ദൻ

(d) എം.ടി. വാസുദേവൻ നായർ

## ബി വിഭാഗം / SECTION B

**5.** (I) പ്രയോഗം മാററുക : *2 ×1=2*

(a) ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി.

(b) അർജ്ജുനൻ അവരെ കണ്ടയുടനെ അസ്ത്രത്തെ പ്രതിസംഹരിച്ചു.

(II) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : *2 ×1=2*

(a) കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ തന്റെ യാത്ര തുടർന്നു.

(b) അയാൾ വരമ്പു മുറിച്ചു കടക്കുമ്പോൾ എതിരെ വരുന്നവർ റേഡിയോ ശ്രദ്ധിക്കുമായിരുന്നു.

(III) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2 ×1=2*

(a) പാറാവുകാരൻ സശ്രദ്ധം കടലാസിലെ വിവരങ്ങൾ ഒരിക്കൽ കൂടി ശ്രദ്ധയോടെ വായിച്ചു.

(b) കണ്ടുണ്ണി ശ്രവണത്തിനും കേൾവിക്കും അപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു.

(IV) അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാററുക. *2 ×1=2*

(a) നിങ്ങൾ എന്റെ ജയത്തിനു വേണ്ടി ആവുന്നതൊക്കെ ചെയ്തു.

(b) തുണികളിലൂടെ കത്രിക തെറ്റിസഞ്ചരിച്ചു.

(V) എതെങ്കിലും ***രണ്ടെണ്ണം*** ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൻ പ്രയോഗിക്കുക. *2 ×1=2*

(a) ലംഘിക്കുക

(b) വേരുറയ്ക്കുക

(c) ഉറപ്പുവരുത്തുക

6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഒരോന്നിനും അഞ്ചു മാർക്ക് വീതം)

(a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. *1×5=5*

(i) അഴിമതിയില്ലാത്ത സമൂഹം – എന്റെ സ്വപ്നം

(ii) പ്രകൃതി സംരക്ഷണം

(b) കത്ത് തയ്യാറാക്കുക : *5*

യുവാക്കളുടെ കൂട്ടായ്മയായ 'നാട്ടുകൂട്ട'ത്തിന്റെ ശ്രമഫലമായി നഗരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്തവരെ അഭിനന്ദിച്ചുകൊണ്ട് ജില്ലാകളക്ടർ എന്ന നിലയിൽ അവർക്ക് ഒരു കത്ത് തയ്യാറാക്കുക.

(c) പത്രവാർത്ത തയ്യാറാക്കുക : *5*

അധ്യാപകദിനത്തോടനുബന്ധിച്ച് രാജ്യത്തെ മികച്ച അധ്യാപകനായി തെരഞ്ഞെടുക്കപ്പെട്ട നാട്ടിൻപുറത്തെ സാധാരണക്കാരനായ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർക്ക് ഗ്രാമത്തിന്റെ സ്നേഹാദരവും അഭിനന്ദനപ്രവാഹവും – ഒരു പത്രവാർത്ത തയ്യാറാക്കുക.

7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഒരോന്നിനും മൂന്നു മാർക്ക് വീതം)

(a) ഏതെങ്കിലും **ഒരു** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക : *1×3=3*

(i) ചാക്കുണ്ണിയുടെ ജീവിത സാഹചര്യങ്ങൾ ചുരുക്കി വിവരിക്കുക.

(ii) ധൃഷ്ടദ്യുമ്നന്റെ അന്ത്യം വിവരിക്കുക.

(b) ഏതെങ്കിലും ***രണ്ടു*** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക : *2×3=6*

(i) സമകാലിക സമൂഹത്തിലെ മനുഷ്യത്വരഹിതമായ മനോഭാവത്തോടുള്ള അതിശക്തമായ പ്രതികരണമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. വിശദീകരിക്കുക.

(ii) "ക്രോധം പരിത്യജിക്കേണം ബുധജനം"
സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.

(iii) 'പ്രിയദർശനം' എന്ന ശീർഷകം പാഠഭാഗത്തിന് എത്രത്തോളം ഉചിതമാണന്ന് ആശയം വിശദീകരിച്ച് വ്യക്തമാക്കുക.

(c) എതെങ്കിലും ***രണ്ടു*** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. *2×3=6*

(i) "സാധാരണക്കാരനായിരുന്ന ഒരു സന്യാസിയായിരുന്നു ചട്ടമ്പിസ്വാമികൾ." വിശദീകരിക്കുക.

(ii) ചട്ടമ്പിസ്വാമികളുടെ ജീവിതശൈലിയെപ്പറ്റി വിവരിക്കുക.

(iii) സ്വാമികളുടെ സാന്നിധ്യത്തിൽ ഹിംസ്രജന്തുക്കൾപോലും ശാന്തരാകുമായിരുന്നു എന്നതിന് ഒരു ഉദാഹരണം എഴുതുക.